# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3476 14.03.2017 -ലെ മറുപടിയ്ക്ക്**

## പറമ്പിക്കുളം-ആളിയാർ നദീജല കരാർ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജല കരാർ പ്രകാരമുള്ള മുഴുവൻ വെള്ളവും ലഭിച്ചോ; ലഭിച്ചിട്ടില്ലായെങ്കിൽ സർക്കാർ ഇതിനുവേണ്ടി നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ ? | നടപ്പ് ജലവർഷ (2016-17) ത്തിൽ നാളിതുവരെ പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം പൂർണ്ണമായും ലഭിച്ചിട്ടില്ല. |

ചിറ്റൂർപുഴ പദ്ധതി പ്രദേശത്ത് അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമവും കാർഷികാവശ്യങ്ങൾക്കുള്ള ജല ദൗർലഭ്യവും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2016 സെപ്റ്റംബർ രണ്ടാം ദ്വൈവാരത്തിൽ 700 എം.സി.എഫ്.ടി. ജലമാണ് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തേക്കായി ആവശ്യപ്പെട്ടിരുന്നതെങ്കിലും 250 ക്യൂസെക്സ് എന്ന തോതിൽ വെള്ളം തരാമെന്നാണ് തമിഴ് നാട് അറിയിച്ചിരുന്നത്. പറമ്പിക്കുളം ഡാമിലെ ഉപയോഗിക്കാനാവുന്ന വെള്ളം ആളിയാർ റിസർവോയറിൽ എത്തിച്ച് അവിടെനിന്ന് ചിറ്റൂരിലെ കൃഷിക്കാവശ്യമായ വെള്ളം മണക്കടവിൽ നൽകണമെന്നാവശ്യപ്പെട്ട് കൊണ്ട്. 16.09.2016 ന് തമിഴ് നാട് മുഖ്യമന്ത്രിക്ക് കത്തയക്കുകയുണ്ടായി.

ഇതിന് പുറമേ 2016 ഒക്ടോബർ ഒന്നാം ദ്വൈവാരത്തിൽ കരാർപ്രകാരം കേരളത്തിന് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തേക്ക് ലഭ്യമാക്കേണ്ട 700 എം.സി.എഫ്.ടി. ജലം (540 ക്യൂസെക്സ് എന്ന തോതിൽ) മണക്കടവ് വിയറിൽ നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ വളരെ കുറഞ്ഞ തോതിലാണ് തമിഴ് നാട് മണക്കടവിൽ ജലം ലഭ്യമാക്കി വന്നത്. ഇതിനെ തുടർന്ന് രൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ കരാർപ്രകാരമുള്ള ജലം (കുടിശ്ശിക ഉൾപ്പെടെ) നടപ്പ് ജലവർഷത്തിലെ ശേഷിക്കുന്ന കാലയളവിൽ ലഭ്യമാക്കണമെന്നും, തമിഴ് നാട് ഷോളയാർ പവർ ഹൗസ് II പൂർണ്ണമായി പ്രവർത്തിപ്പിച്ച് കേരള ഷോളയാർ ജലനിരപ്പ് എത്രയും പെട്ടെന്ന് പൂർണ്ണ ജലനിരപ്പിൽ (എഫ്.ആർ.എൽ) എത്തിക്കണമെന്നും, തമിഴ് നാട് ഷോളയാർ പവർഹൗസ് I ന്റെ പ്രവർത്തനവും

പറമ്പിക്കുളത്തേക്ക് ജലം തിരിച്ച് വിടുന്നതും നിർത്തുകയും ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു: കേരളാ ജലവിഭവ വകുപ്പ് മന്ത്രി 08.10.2016 ന് ബഹു. തമിഴ് നാട് പൊതുമരാമത്ത് മന്ത്രിക്ക് കത്തയക്കുകയുണ്ടായി. കൂടാതെ രൂക്ഷമായ ജലക്ഷാമം കണക്കിലെടുത്ത് ഈ പ്രശ്നത്തിൽ ഇടപെട്ട് കരാർപ്രകാരമുള്ള ജലം കേരളത്തിന് ലഭ്യമാക്കാൻ വേണ്ട നിർദ്ദേശം തമിഴ് നാടിന് നൽകണമെന്നാവശ്യപ്പെട്ട് കേരള ജലവിഭവ വകുപ്പ് മന്ത്രി 08.10.2016 ന് ബഹു. കേന്ദ്രജല വിഭവ വകുപ്പ് മന്ത്രിക്കും കത്തയക്കുകയുണ്ടായി.

കേരളത്തിന്റെ ശക്തമായ സമ്മർദ്ദത്തെത്തുടർന്ന് തമിഴ് നാട്, സംയുക്ത ജലക്രമീകരണ ബോർഡിന്റെ യോഗത്തിൽ പങ്കെടുക്കാൻ തയ്യാറാവുകയുണ്ടായി. തുടർന്ന് സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (JWRB) 97-മത് യോഗം 26.10.2016 ന് പാലക്കാട് വെച്ച് ചേർന്നു. ഈ യോഗത്തിൽ കേരളം, കീഴ് നദീതട അവകാശത്തിന്റെ അടിസ്ഥാനത്തിൽ പി.എ.പി. കരാർപ്രകാരം ഉറപ്പാക്കിയിട്ടുള്ള ജലം ഏതൊരു സാഹചര്യത്തിലും ലഭ്യമാക്കണമെന്ന് തമിഴ് നാടിനോട് ആവശ്യപ്പെട്ടു. ഇതിന് ശേഷം 98-മത് JWRB യോഗം 13.12.2016 ന് തമിഴ് നാട്ടിലെ പൊള്ളാച്ചിയിൽ വെച്ച് ചേരുകയുണ്ടായി. ഈ യോഗത്തിൽ പി.എ.പി. കരാർപ്രകാരമുള്ള ജലം നൽകണമെന്ന് കേരളം ശക്തമായി ആവശ്യപ്പെട്ടു. മണക്കടവ് വിയറിൽ 7.25 ടി.എം.സി.എഫും കേരള ഷോളയാറിൽ 12.3 ടി.എം.സി.എഫും കരാർ പ്രകാരം കേരളത്തിന് ഉറപ്പാക്കിയിട്ടുള്ളതാണെന്നും, ഇത് കേരളത്തിന് നൽകിയതിന് ശേഷമേ തമിഴ് നാടിന് പി.എ.പി.യിൽ നിന്നും ജലം എടുക്കുവാൻ സാധിക്കുകയുള്ളൂവെന്നും കേരളം വാദിക്കുകയും ആയതിനാൽ കുടിവെള്ളത്തിന് വേണ്ടിയുള്ള ജലം മാത്രം എടുത്ത ശേഷം ബാക്കി ജലം മുഴുവൻ കേരളത്തിന് നൽകണമെന്ന് കേരളം ആവശ്യപ്പെടുകയും ചെയ്തു. മാത്രമല്ല 97-മത് JWRB യോഗത്തിൽ സമ്മതിച്ചത് പോലെ തമിഴ് നാട് മണക്കടവ് വിയറിൽ നവംബർ II, ഡിസംബർ I എന്നീ ദ്വൈവാരങ്ങളിൽ ജലം നൽകിയിട്ടില്ല എന്ന കാര്യവും കേരളം ചൂണ്ടിക്കാട്ടി. എന്നാൽ 13.12.2016 മുതൽ ഡിസംബർ അവസാന വാരം വരെ മണക്കടവിൽ 175 ക്യൂസെക്സ് എന്ന തോതിൽ മാത്രമേ ജലം നൽകാൻ സാധിക്കുകയുള്ളൂവെന്ന് 98-മത് JWRB യോഗത്തിൽ തമിഴ്നാട് അറിയിക്കുകയും തുടർന്ന് മണക്കടവിലേക്കുള്ള ജലവിതരണ തോത് ഇരു ഗവൺമെന്റുകളുടേയും തീരുമാനപ്രകാരമാകാമെന്ന് ധാരണയുമായി. ഇതിന് പുറമെ തമിഴ്നാട് ഷോളയാറിലെ

ജലസംഭരണ നില വെച്ച് നോക്കുമ്പോൾ ഫെബ്രുവരി ഒന്നാം തീയതി കേരളാ ഷോളയാർ റിസർവോയർ പൂർണ്ണ ജലനിരപ്പിലാക്കുക അസാധ്യമായതിനാൽ തമിഴ്നാട് ഷോളയാറിലെ മുഴുവൻ ജലവും കേരള ഷോളയാറിലേക്ക് തമിഴ്നാട് ഷോളയാർ പവർഹൗസ് II വഴിയോ, By-pass വഴിയോ, കരാർപ്രകാരമുള്ള ജല വിഹിതം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കേരളം ആവശ്യപ്പെട്ടു.

07.01.2017-ൽ ജലവിഭവ വകുപ്പ് മന്ത്രി വീണ്ടും ബഹു. തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചതിനെത്തുടർന്ന് 28.01.2017 ന് തിരുവനന്തപുരത്തുവച്ച് അന്തർസംസ്ഥാന സെക്രട്ടറിതല ചർച്ച നടക്കുകയും മണക്കടവ് വിയറിൽ 2017 മാർച്ച് അവസാനം വരെ 290 ക്യൂസെക്സ് എന്ന തോതിൽ ജലം നൽകണമെന്നും കേരള ഷോളയാറിൽ കരാർപ്രകാരമുള്ള ജലം ലഭ്യമാക്കണമെന്നും കേരളം തമിഴ് നാടിനോട് ആവശ്യപ്പെടുകയും ചെയ്തു. രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ പി.എ.പി.യിലെ ജല ദൗർലഭ്യം കണക്കിലെടുത്ത് കേരളം തമിഴ് നാടുമായി സഹകരിക്കണമെന്ന് തമിഴ് നാട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കീഴ് നദീതട അവകാശപ്രകാരം കേരളത്തിന് മുഴുവൻ ജലവും ലഭിക്കേണ്ടതാണെന്ന ചൂണ്ടിക്കാട്ടി കേരളം അത് നിരാകരിച്ചു. 2017 ഫെബ്രുവരി 15 വരെ 200 ക്യൂസെക്സ് എന്ന തോതിൽ മണക്കടവിൽ ജലം ലഭ്യമാക്കണമെന്നത് തമിഴ് നാട് തത്വത്തിൽ അംഗീകരിച്ചു.

28.01.2017 ലെ സെക്രട്ടറിതല ചർച്ചയിലുണ്ടായ തീരുമാനപ്രകാരം 06.02.2017 മുതൽ 15.02.2017 വരെ മണക്കടവ് വിയറിൽ 200 ക്യൂസെക്സിലധികം ജലം ലഭിക്കുകയും തുടർന്ന് 16.02.2017 ൽ നടന്ന ഉദ്യോഗസ്ഥതല ചർച്ചയെത്തുടർന്ന് 28.02.2017 വരെ ആളിയാറിൽ നിന്ന് 250 ക്യൂസെക്സ് ജലം തുറന്നുവിടാമെന്നും മണക്കടവിൽ ഏകദേശം 190-200 ക്യൂസെക്സ് വരെ ജലം ലഭ്യമാക്കാമെന്നും തമിഴ്നാട് സമ്മതിക്കുകയും ചെയ്തു.

ഇതിന് പുറമെ കേരള ജലസേചന വകുപ്പും, കേരള വൈദ്യുതി ബോർഡും, കേരള സർക്കാരും, പി.എ.പി. കരാർ വ്യവസ്ഥകൾ പാലിച്ച്കൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ് നാടിന് നടപ്പ് ജല വർഷത്തിൽ നിരവധി കത്തുകൾ അയയ്ക്കുകയുണ്ടായിട്ടുണ്ട്.

പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ തുടർന്നും സ്വീകരിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ